# കൽപ്പരസയുമായി സിപിസിആർഐ; നീര ഉൽപ്പാദനത്തിനു വേഗമേറും

കാസർകോട് ● കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സിപിസിആർഐ) വികസിപ്പിച്ചെടുത്ത നൂതന സാങ്കേതികവിദ്യയിലൂടെ ഉൽപ്പാദിപ്പിച്ച നീരയായ കൽപ്പരസ പുറത്തിറങ്ങി. സിപിസിആർഐയിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഡോ. പി. ചൗഡപ്പ ഉദ്ഘാടനം ചെയ്തു.

കർഷകർക്കു കൂടുതൽ വേഗത്തിലും ആദായകരമായും നീര ഉൽപ്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യയാണ് സിപിസിആർഐ വികസിപ്പിച്ചെടുത്തതെന്ന് ഡയറക്ടർ ഡോ. പി. ചൗഡപ്പ പറഞ്ഞു. കണ്ണൂർ നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് സുശീൽ ആറോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജീവൻ ടിവി എക്സിക്യൂട്ടീവ് എഡിറ്റർ പി.ജെ. ആന്റണി കൽപ്പരസ ഏറ്റുവാങ്ങി.




സിപിസിആർഐയും നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സും ചേർന്നു നീര കർഷകർക്കുള്ള പരിശീലനം സിപിസിആർഐ ഡയറക്ടർ ഡോ. പി.ചൗഡപ്പ ഉദ്ഘാടനം ചെയ്യുന്നു.

നീര ഉൽപ്പാദന രീതികളെക്കുറിച്ചു സിപിസിആർഐ പിബി ആൻഡ് പിഎച്ച്ടി ഡിവിഷൻ മേധാവി ഡോ. കെ.ബി. ഹെബ്ബാർ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. തമ്പാൻ, കാസർകോട് നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ് ചെയർമാൻ കെ.എസ്. അൻവർസാദത്ത്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ.സി. മാത്യു എന്നിവർ പ്രസംഗിച്ചു.

ചടങ്ങിൽ നീര ഉൽപ്പാദനത്തിനുള്ള പുതിയ സാങ്കേതികവിദ്യ കൈമാറുന്നതിനുള്ള ധാരണാപത്രം തമിഴ്നാട്, തെലങ്കാന എന്നിവിടങ്ങളിൽ നിന്നുള്ള സംരംഭകരുമായി ഒപ്പുവച്ചു. തുടർന്നു നടന്ന നീര ഉൽപ്പാദക കർഷകർക്കുള്ള സെമിനാറിൽ ഇരുനൂറോളം പേർ പങ്കെടുത്തു.